# കൊച്ചി നഗരസഭ

സുഹൃത്തെ

ഗ്രീൻകൊച്ചി ഗ്രീൻസിറ്റി പദ്ധതിയുടെ ഭാഗമായി 2010 ജൂൺ 5 മുതൽ ജൂലൈ 5 വരെ
കൊച്ചി നഗരസഭ പരിസ്ഥിതി മാസമായി ആചരിക്കുകയാണ്.
നഗര പരിധിക്കുള്ളിൽ 1 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തി കൊച്ചിയെ പച്ചപുതപ്പിക്കുവാനുള്ള ഈ
പവിത്രമായ പരിസ്ഥിതി ദൗത്യംപോലെ ഒന്ന് ഭാരതത്തിൽതന്നെ ആദ്യമായാണ് ഒരു നഗരസഭ ഏറ്റെടുക്കുന്നത്.....

ആഗോളതാപനവും, അന്റാർട്ടിക്കയിലെ ഹിമദ്രവീകരണവും, ഇതര പരിസ്ഥിതിപ്രശ്നങ്ങളുമെല്ലാം
ഉച്ചകോടികളിലും സെമിനാറുകളിലും ആവർത്തിച്ചാവർത്തിച്ച്
ചർച്ചചെയ്തു പരാജയപ്പെടുമ്പോൾ 'എല്ലാം ശരിയാവും' എന്ന് സമാശ്വസിച്ച് ചാരുകസേരയുടെ സാന്ത്വനത്തിലേക്ക്
മടങ്ങുവാൻ ഇനി നമുക്കാവില്ലല്ലോ.

ജൈവരാശി സർവനാശത്തിന്റെ പത്മവ്യൂഹത്തിലേക്ക് ആനയിക്കപ്പെടുന്ന കറുത്ത മുഹൂർത്തമാണിത്.
അതിജീവിക്കുവാൻ, അപഹരിക്കപ്പെട്ട 'കവച കുണ്ഡലങ്ങൾ' നമ്മൾ ഭൂമിക്കു തിരികെ നൽകേണ്ടതുണ്ട്.
'*ഒരു കൊച്ചുമരം... ഒരു കൈക്കുടന്ന ജലം*' ഈ പ്രാർത്ഥന നെഞ്ചിലേറ്റി
നമുക്കു ഭൂമിക്കൊരു പുതപ്പൊരുക്കാം!

വൃക്ഷ വൽക്കരണ പദ്ധതിക്കൊപ്പം നഗരസഭ നഗരവൃക്ഷങ്ങളുടെ ഒരു സെൻസെസ്സ് ആരംഭിക്കുകയാണ്.
നഗരപരിധിക്കുള്ളിലെ പൊതുവൃക്ഷങ്ങളുടെ ഇനം തിരിച്ചുള്ള വിശദമായ
കണക്കുശേഖരിക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പുതുമുകുളങ്ങൾ തേടുന്നതിനൊപ്പം നമുക്കുള്ളതിനെ
തിരിച്ചറിയുവാനുള്ള എളിയ ശ്രമമാണിത്.

2010 ജൂൺ 30 ന് വൈകിട്ട് 5 മണിക്ക് നഗരസഭ കൗൺസിൽ ഹാളിൽ വച്ച്
ആരാധ്യയായ മേയർ **പ്രൊഫ. മേഴ്സി വില്യംസ്** അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ
ബഹു. **ജസ്റ്റിസ് പി.എസ്.ഗോപിനാഥൻ** അവർകൾ 'ട്രീ സെൻസസ്സിന്' തുടക്കം കുറിക്കും.
കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസിലർ **ഡോ.കെ.ആർ.വിശ്വംഭരൻ** മുഖ്യാതിഥി ആയിരിക്കും.
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് പ്രിൻസിപ്പാൾ **ഡോ.ജോസഫ് ഇഞ്ചോടി**, പ്രമുഖ പരിസ്ഥിതി
ശാസ്ത്രജ്ഞനായ **ഡോ.യു.കെ.ഗോപാലൻ**, ഡെപ്യൂട്ടി മേയർ **ശ്രീ.സി.കെ.മണിശങ്കർ**, സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻമാരായ **സർവ്വശ്രീ.കെ.ജെ.സോഹൻ, ടി.കെ.ഷംസുദ്ദീൻ, എൻ.എ.മണി,**
**അഡ്വ.ഇ.എം.സുനിൽകുമാർ, അഡ്വ.എം.അനിൽകുമാർ, കെ.വി.മനോജ്**, കൗൺസിലർ **എ.ബി.സാബു**
എന്നിവർ പങ്കെടുക്കുന്ന ഈ ചടങ്ങ് ഹൃദ്യമാക്കുവാൻ താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ

**അജിത് പാട്ടീൽ IAS**
നഗരസഭ സെക്രട്ടറി

കൊച്ചി
25/06/2010





